പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4228

12.11.2019 ൽ മറുപടിയ്ക്ക്

## സാഹസിക കായിക വിനോദ പരിപാടി

**ചോദ്യം**

**ശ്രീ.റോഷി അഗസ്റ്റിൻ**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടിക്ക് കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സാഹസിക കായിക വിനോദ പരിപാടികൾക്ക് ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ല. |
| (ബി) | അഡ്വഞ്ചർ അക്കാദമി മൂന്നാർ, ഉപകേന്ദ്രം കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ എന്തെല്ലാം പരിപാടികൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കിയെന്ന് വിശദമാക്കുമോ? | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനു കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമി ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാഡമി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടികൾ നടപ്പിലാക്കിയിട്ടില്ല. എന്നിരുന്നാലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച യുവാക്കളുടെ സന്നദ്ധസേവന സേനയായ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിലെ 1500 ൽപ്പരം അംഗങ്ങൾക്കുള്ള ട്രെയിനിംഗ് രണ്ട് ഘട്ടങ്ങളിലായി ദേവികുളം ദേശീയ സാഹസിക അക്കാഡമി മുഖേന നൽകിയിരുന്നു. മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രം മുഖേന കണ്ണൂർ ജില്ലയിലെ വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾക്ക് കടലിൽ നീന്തൽ പരിശീലനം നൽകുന്ന പദ്ധതി 2019 നവംബർ മാസം സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ